I/186960/2024

ഫയൽ നം : എ2/164/2023-റ്റിസി തിയതി : 06-03-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ 11/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ജീവനക്കാര്യം - 2024 ലെ പൊതു സ്ഥലമാറ്റം - അപേക്ഷ ക്ഷണിക്കുന്നത്- ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്

സൂചന :- 1.29.02.2024 തിയ്യതിയിലെ സർക്കുലർ നമ്പർ 10/2024
2.09.05.2023 തിയ്യതിയിലെ സ.ഉ.(സാധാ) നം 173/2023/ഗതാഗതം

സൂചന സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകളിലെ 2024 വർഷത്തെ പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

**1.സമയക്രമം**

2024 വർഷത്തെ മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയക്രമം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ജീവനക്കാർക്ക് ഓൺലൈൻ ആയിഅപേക്ഷസമർപ്പിക്കാവുന്നത് | 11.03.2024 | 16.03.2024 |
| 2 | ഓഫീസിൽ നിന്നും ഡിസ്ട്രിക്ട് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 12.03.2024 | 17.03.2024 |
| 3 | ഡിസ്ട്രിക്ട് ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 13.03.2024 | 18.03.2024 |

2. **മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാരുടെ സ്ഥലമാറ്റം.**

സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാർ (ഏപ്രിൽ 30 നിലയിൽ ) എന്നിവർക്ക് ഓഫീസുകളിലേക്കും ഓഫീസുകളിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാർ എന്നിവർ സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേക്കും നിശ്ചിത കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവർക്ക് എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ തന്നെ മറ്റ് ഓഫീസുകളിലേക്കും പൊതു സ്ഥലമാറ്റത്തിനുള്ള ഓപ്ഷൻ നൽകാവുന്നതാണ്.

മൂന്ന് വർഷം എൻഫോഴ്സ്മെന്റ് സേവനം പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ഓഫീസുകളിലേക്കും ആനുപാതികമായി ഓഫീസുകളിൽ നിന്നു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാരെ എൻഫോഴ്സ്മെന്റിലേക്കും മാറ്റി

I/186960/2024

നിയമിക്കുന്നതാണ്. ഇപ്രകാരം നിയമിക്കുമ്പോൾ നാളിതുവരെ എൻഫോഴ്സ്മെന്റ് ജോലി ചെയ്യാത്തവർക്ക് നിർബന്ധിത എൻഫോഴ്സ്മെന്റ് സേവനം ബാധകമാക്കുന്നതാണ്.

സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നിവർ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഒഴികെയുള്ള ഓഫീസുകളിലേക്ക് അപേക്ഷിക്കുമ്പോൾ ടി ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയിട്ടുണ്ട് (ഏപ്രിൽ 30 നിലയിൽ) എന്ന് ഓഫീസ് മേധാവിമാർ ഉറപ്പാക്കേണ്ടതും നിശ്ചിത സേവന കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ അപേക്ഷകൾ ഓഫീസ് മേധാവി/ഡിസ്ട്രിക്ട് ഓഫീസ് മേധാവി നിരസിക്കേണ്ടതുമാണ്. ഇത്തരത്തിൽ അയോഗ്യമായ അപേക്ഷകൾ ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുവാൻ പാടുള്ളതല്ല. ടി വ്യവസ്ഥ ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഓഫീസ് മേധാവി/ഡിസ്ട്രിക്ട് മേധാവിമാരിൽ നിക്ഷിപ്തമായിരിക്കും.

മേൽ ഭേദഗതികളോടൊപ്പം സൂചന സർക്കുലറിലെ നിർദേശങ്ങൾ /വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

Signed by
S Sreejith I P S
Date: 06-03-2024 11:44:19

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :-

1.എല്ലാ ഡിറ്റിസി മാർക്കും
2.എല്ലാ ആർ ടി ഒ മാർക്കും
3.എല്ലാ എൻഫോഴ്സ്മെന്റ് ആർ ടി ഒ മാർക്കും
4. എല്ലാ ജോയിന്റ് ആർ ടി ഒ മാർക്കും